**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1599 — **10.02.2020 ൽ** മറുപടിക്ക്

## തെരുവുനായ ശല്യം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.എം. നൗഷാദ്** | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | സംസ്ഥാനത്ത് തെരുവുനായ ശല്യം വർദ്ധിച്ചുവരുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചു വരുന്ന തെരുവ് നായ ശല്യം നിയന്ത്രിക്കുന്നതിന് കൈക്കൊള്ളാവുന്ന ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗമായ അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും, കുടുംബശ്രീ ജില്ലാമിഷൻ, മൃഗസംരക്ഷണ വകുപ്പ്, ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ, പദ്ധതിക്ക് തുക വകയിരുത്തി, എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകൾ സ്വന്തം നിലയ്ക്കും, എ.ബി.സി പ്രോഗ്രാം നടപ്പിലാക്കി വരുന്നു. ആയതിനായി ABC പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയെ കൂടി ഉൾപ്പെടുത്തിക്കൊണ്ടും കുടുംബശ്രീ രൂപീകരിക്കുന്ന മൈക്രോ സംരംഭക യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തിക്കൊണ്ടും 05.05.2017 ലെ സ.ഉ(സാധ)1450/17/ത.സ്വ.ഭ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ എബിസി പദ്ധതി കാര്യക്ഷമമാക്കുന്നതിനും, പരിസര ശുചിത്വം പാലിക്കുന്നതിനും, മാലിന്യം അലക്ഷ്യമായ് കൈയൊഴിയുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും അതിലൂടെ തെരുവുനായ ശല്യം കുറയ്ക്കുന്നതിനും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നുണ്ട്. അതോടൊപ്പം 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വളർത്തുനായ ഉള്ള ഏതൊരാളും ഗ്രാമപഞ്ചായത്തിൽ നിന്നും കർശനമായി |

| | | |
|---|---|---|
| | | വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പേവിഷ പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടുള്ള എല്ലാ നായ്ക്കൾക്കും ലൈസൻസ് നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ വർഷാവർഷം വളർത്തുനായ്ക്കൾക്ക് ലൈസൻസ് പുതുക്കുകയും വേണമെന്ന് ജനങ്ങൾക്ക് അവബോധം നൽകി വരുന്നു. ഇതിലൂടെ തെരുവ് നായകളുടെ വ്യാപനം നിയന്ത്രിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും മാർക്കറ്റുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് പൊതുസ്ഥലങ്ങളിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>2001-ലെ അനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളിലെ ചട്ടം 6(2), (3) പ്രകാരം തെരുവുനായ സംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമുള്ള സംഘടനകളെ എ.ബി.സി. പ്രോഗ്രാമിന് ചുമതലപ്പെടുത്തുന്നതിന് സർക്കാരിന്റെ 09.11.2018-ലെ ആർ.സി.3/422/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ എ.ബി.സി.-ചട്ടം-4 പ്രകാരമുള്ള മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ വളർത്തുനായ്ക്കൾക്ക് ലൈസൻസിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |
| ബി | അപകടകാരികളായ തെരുവു നായ്ക്കളെ കൊല്ലുന്നതിന് സംസ്ഥാനത്ത് എന്തെങ്കിലും വിധത്തിലുള്ള നിരോധനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | 1960 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത (തടയൽ) ആക്റ്റിലെ 13-ാം നം. വകുപ്പ് പ്രകാരവും എബിസി റൂൾ 2001 ലെ ചട്ടം 9 പ്രകാരവും മാരകമായ മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതും പേവിഷബാധ യേറ്റതുമായ നായ്ക്കളെ മാത്രമെ കൊല്ലുവാൻ സാധിക്കുകയുള്ളൂ. ഇതുസംബന്ധിച്ച് സർക്കാർ 28.09.2015 ൽ ജി.ഒ(ആർ.റ്റി)നമ്പർ 2941/2015/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി | ഇല്ലെങ്കിൽ അപകടകാരികളായ തെരുവുനായ്ക്കളെ ഇല്ലായ്മ ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ/ ചുമതലകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | പഞ്ചായത്ത് രാജ് ആക്ടിലെ 166-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള അനിവാര്യ ചുമതലകളിലെ 27-ാം ക്രമനമ്പറായി വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു തിരിയുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും കേന്ദ്ര നിയമമായ 2001 ലെ എ.ബി.സി.റൂൾസ് പ്രകാരം തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതിയാണ് നിലവിൽ നടപ്പാക്കി വരുന്നത്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും, കുടുംബശ്രീ ജില്ലാമിഷൻ, മൃഗസംരക്ഷണ വകുപ്പ്, ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ, പദ്ധതിക്ക് തുക വകയിരുത്തി, എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. സർക്കാരിന്റെ 27.08.2016 ലെ 45151/ആർസി3/2016/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരവും സന്നദ്ധ മൃഗ സംഘടനകളുടെ സേവനം തെരുവ് നായകളുടെ വന്ധ്യംകരണത്തിനും തുടർന്നുള്ള പരിപാലനത്തിനും ഉപയോഗപ്പെടുത്താവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**